# ഈജിപ്റ്റിലെ വി. അന്തോനിയോസ്

## ഏ.ഡി 251–356

ഈജിപ്റ്റിലെ ഏകന്തവാസിയായ വി. അന്തോനിയോസിനെ കർത്ത്മീൻ ദയറയിലെ ദയറക്കാർക്കും വിശുദ്ധർക്കും തലവൻ എന്നാണു വിശേഷിപ്പിച്ചിരുന്നത്. ഈ വിശുദ്ധൻെറ ജീവ ചരിത്രം നമുക്ക് ലഭിച്ചത് അലക്സാന്ത്രിയായിലെ മഹാനായ മോർ അത്താനാസിയോസിൽ നിന്നാണു. (ഏ.ഡി 295–373) മോർ അത്താനാസിയോസ് വളരെ നാൾ അന്തോനിയോസിൻെറ ശുശ്രൂഷകനായിരുന്നിട്ടുണ്ട്.

വി. അന്തോനിയോസ് ഈജിപ്റ്റിൻെറ തെക്കുഭാഗത്തുള്ള കമാൻ നഗരത്തിൽ ഏ. ഡി 251 ൽ ജനിച്ചു. കുലീനരും ധനികരുമായ മാതാപിതാക്കൾ ക്രിസ്ത്യാനികളയിരുന്നു. വി. അന്തോനിയോസിനൂദേശം 18 വയസ്സുള്ളപ്പോൾ മാതാപിതക്കൾ നിര്യതരായി. ഒരു ശിശുവായിരുന്ന ഏക സഹോദരിയുടെ സംരക്ഷണ ചുമതലയും അന്തോനിയോസിനായിരുന്നു. ഏറേ താമസിയാതെ സഹോദരിയെ ഒരു സന്യാസി സമൂഹത്തിൽ ചേർത്ത് തൻെറ സമ്പത്തു മുഴുവ്നും (300 ഏക്കർ നിലം) വിറ്റ് ദരിദ്രർക്ക് ദാനം ചെയ്തു.

കഠിനമായ തപോനിഷ്ഠകളായിരുന്നു വി. അന്തോനിയോസ് പരിശിലിച്ചിരുന്നത്. ജോലി ചെയ്യുന്നത് മനസ്സില്ലാത്തവൻ ഭക്ഷിക്കയുമരുത് (2 തെസ്സൊ. 3:10) എന്ന ശ്ലീഹായുടെ പഠിപ്പിക്കൽ സ്വന്ത ജീവിതത്തിൽ പാലിച്ചിരുന്നതിനാൽ കൈകൊണ്ട് അദ്ധ്വാനിച്ചു കിട്ടുന്ന പണത്തിൽ നിന്നും സ്വന്ത ഭക്ഷണത്തിനുള്ളത് നീക്കിവെച്ച് ബാക്കിയുള്ളത് ദരിദ്രർക്കായി ചിലവുചെയ്തു. സൂര്യാസ്തമയത്തിനു ശേഷം ദിവസത്തിൽ ഒരിക്കൽ മാത്രം ഭക്ഷിച്ചിരുന്നു. ആഹാരം അപ്പം

മാത്രമായിരുന്നു. വെള്ളം മാത്രമെ കുടിച്ചിരുന്നുള്ളു. വെറും തറയിൽ കിടന്നുറങ്ങുന്നതായിരുന്നു സാധാരണ ശീലം, ശരീരത്തിൽ എണ്ണ ഉപയോഗിക്കുന്നത് അന്തോനിയോസ് ഉപേക്ഷിച്ചു. വസ്ത്രം, അകത്ത് രോമവും പുറത്ത് തുകലും കൊണ്ടുള്ളവയായിരുന്നു. വി. അന്തോനിയോസ്സിൻെറ താമസ സ്ഥലം കല്ലറയും, ഗുഹയും ഉയർന്ന മലയിലെ കോട്ടയും, വനപ്രദേശങ്ങളുമായിരുന്നു. എന്നിരുന്നാലും വിശേഷപ്പെട്ട ഭക്ഷണങ്ങൾ ഉപയോഗിക്കുകയും, നിത്യവും കുളിക്കുകയും ധാരാളം വിശേഷവസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്നവരേക്കാൾ ആരോഗ്യവും ചൈതന്യവും വി. അന്തോനിയോസിനുണ്ടായിരുന്നു. അദ്ദേഹം 105 വയസ്സുവരെ ജീവിച്ചിരുന്നു.

വി. അന്തോനിയോസ് 35 വയസ്സായിരുന്നപ്പോൾ തപസ്സനുഷ്ഠിച്ചിരുന്നത് ഒരു കല്ലറയിലായിരുന്നു. പല പൈശാചിക പീഢകളും സഹിക്കേണ്ടിവന്നെങ്കിലും അവയെല്ലാം ദൈവാശ്രയത്താൽ അതിജീവിച്ചു. മിശിഹായുടേ സ്നേഹത്തിൽനിന്ന് ആർ എന്നെ വേർ പിരിക്കും? ഞെരുക്കമോ? ബന്ധമോ? പീഢയോ? പട്ടിണിയോ നഗ്നതയോ? ആപത്തോ, വാളോ? (റോമർ 8:35). ഒരു സൈന്യം എനിക്കു വിരോധമായി പാളയമടിച്ചാലും എൻെറ ഹൃദയം ഭയപ്പെടുകയില്ല; എൻെറ നേരെ യുദ്ധമുണ്ടായാലും ഞാൻ ധൈര്യമായിരിക്കും(സങ്കീ. 27:3) എന്നീ ദൈവവചനങ്ങൾ വിശുദ്ധൻ പരീക്ഷകളിൽ ഉരുവിട്ടുകൊണ്ടിരുന്നു.

ഒരു മലയിലെ കോട്ടയിൽ വിശുദ്ധൻ ഏകദേശം 20 സംവത്സരങ്ങൾ ഏകാന്ത സന്യാസ ജീവിതം നയിച്ചു. ഇതുമൂലം മിശിഹായ്ക്കു വേണ്ടിയുള്ള ബലഹീനതകളിലും അപമാനത്തിലും ഞെരുക്കങ്ങളിലും പീഢകളിലും ബന്ധനങ്ങളിലും ഞാൻ ഇഷ്ടപ്പെടുന്നു. എന്തെന്നാൽ എപ്പോഴാണോ ഞാൻ ബലഹീനനായിരിക്കുന്നത്, അപ്പോഴാണു ഞാൻ ശക്തനായിത്തീരുന്നത്. (2 കോരി. 12:10) എന്നദ്ദേഹം വിശ്വസിച്ചു.

വിശുദ്ധൻെറ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ രോഗസൗഖ്യം , ദുരാത്മാക്കളിൽ നിന്നുള്ള മോചനം എന്നിവ സാദ്ധ്യമായി.

വിശുദ്ധനു 54 വയസ്സുള്ളപ്പോൾ തന്നെ അനുകരിച്ച സന്യാസികളുടെ അപേക്ഷ പ്രകാരം അദ്ദേഹം മലയിൽ നിന്ന് ഇറങ്ങി വന്ന് ഫായമിൽ ഒരു ദയറാരംഭിച്ചു. ഇത് ദയറാ പ്രസ്ഥാനത്തിൻെറ ഔപചാരിക പ്രാരംഭമായി ക്രൈസ്തവ ലോകം പരിഗണിക്കുന്നു. പിസ്പർ എന്ന സ്ഥലത്ത് മറ്റൊരു ദയറായും പിന്നീട് ആരംഭിക്കുകയുമുണ്ടായി.

വിശുദ്ധൻ ഏകന്ത വാസത്തിനിടയിൽ രണ്ടു പ്രാവശ്യം മാത്രമേ മനുഷ്യവാസമുള്ള സ്ഥലത്ത് വന്നിട്ടുള്ളൂ. ഒന്ന്, അലക്സാന്ത്രിയായിലെ മക്സിമാസിൻെറ ക്യൂരപീഠയാൽ വധിക്കപ്പെട്ട സഹദേന്മാരെ ധൈര്യപ്പെടുത്തതിനും, പീഢ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിനും ആയിരുന്നു. രണ്ട്, അറിയോസുകാർക്കെതിരായ പോരാട്ടത്തിൽ അലക്സന്ത്രിയായിലെ മോർ അത്താനാസിയോസിനെ സഹായിക്കുന്നതിനും വേണ്ടി ആയിരുന്നു.

പുണ്യത്തിൽ തൻെറ സമകാലീനന്മാർക്ക് രണ്ടാമതാകാതിരിക്കണമെന്നല്ലാതെ അവരോട് മറ്റു യാതൊരു മത്സരവും വിശുദ്ധ അന്തോനിയോസിനില്ലാതിരുന്നു. എപ്പിസ്കോപ്പന്മാർ, കശീശന്മാരെന്നി ആചാര്യ ഗണത്തിൽ പെട്ടവരുടെ മുൻപാകെ തലകുനിക്കുന്നതിനു വിശുദ്ധനു ലജ്ജ തോന്നിയിരുന്നില്ല. ശെമ്മാശെന്മാരുണ്ടെങ്കിൽ പ്രാർത്ഥന ആരംഭിക്കുന്നതിനു അവരോട് ആവശ്യപ്പെടുമായിരുന്നു. വിശുദ്ധൻെറ അടുക്കൽ വരുന്ന രോഗികളോട് അദ്ദേഹം പറയുമായിരുന്നു: ക്ഷമയോടെ സഹിക്കണമെന്നും രോഗശാന്തി നല്കുവാനുള്ള അധികാരം തനിക്കോ മറ്റു മനുഷ്യർക്കോ ഉള്ളതല്ല, ദൈവത്തിൽ നിന്നുള്ളതാകുന്നു. ദൈവത്തിനു തിരുവിഷ്ടമാകുമ്പോഴും തനിക്കിഷ്ടമുള്ളവർക്കും അത്

നല്കുന്നു. ആയതിനാൽ സൗഖ്യപ്പെടാത്തരോഗികൾ രോഗശാന്തിക്ക് പകരമായി വി. അന്തോനിയോസിൻെറ വചനം സന്തോഷത്തോടെ സ്വീകരിച്ചു. സൗഖ്യമായവരന്തോനിയോസിനെ അല്ല ദൈവത്തെ മാത്രം മഹത്വപ്പെടുത്തണമെന്നും വിശുദ്ധൻ പഠിപ്പിച്ചു.

വി. അന്തൊനിയോസി തൻെറ മരണസമയം ദൈവത്തിൽ നിന്നറിഞ്ഞിട്ട് തന്നെ അനുകരിച്ചവെരെ ഉപദേശിച്ചു. കർത്താവിൽ ശരണപ്പെടുക, കർത്താവിനെ സ്നേഹിക്കുക, ദുർവികാരങ്ങളിൽ നിന്നും ലോക മോദങ്ങളിൽനിന്നും അകലുക, നിത്യവും സ്വന്തം പ്രവർത്തികൾ പരിശോധിച്ച് അനുതപിക്കുക. പാപം ചെയ്യാതിരുന്നാൽ പ്രശംസിക്കാതിരിക്കുക. പ്രാർത്ഥന ദൈവം അംഗീകരിച്ചാൽ പ്രശംസയോ, അംഗീകരിക്കാതിരുന്നാൽ പിറുപിറുപ്പോ ഉണ്ടാകാതെ സൂക്ഷിക്കുക. അറിയോസുകാരുമായി ഒരു ബന്ധവും പാടില്ല. അവരുടെ ദുഷ്ടതകൾ എല്ലാവർക്കും അറിവുള്ളതാണു. ന്യായാധിപന്മാർ അവരെ സംരക്ഷിക്കുന്നതു കണ്ടാൽ ഇളകി പോകരുത്. അവരുടെ ജയം അവസാനിക്കും അത് നശിച്ചു പോകുവാനുള്ളതത്രെ.

മലയിലുള്ള ദയറായിൽ വച്ച് മരിക്കുന്നതിനു, സന്യാസികൾ വിശുദ്ധനെ നിർബന്ധിച്ചെങ്കിലും താനതിനു സമ്മതിച്ചില്ല. രണ്ട് ദയറാക്കാരുമായി സാധാരണ താമസിച്ചിരുന്ന ഉൾ വനത്തിലേക്ക് തിരികെപ്പോയി. അവിടെ ചെന്ന് വിശുദ്ധൻ അവർക്ക് നിർദ്ദേശം നല്കി. ഈജിപ്റ്റിലേയ്ക്കെൻെറ ശരീരം ആരും എടുത്തുകൊണ്ട് പോകുവാൻ അനുവദിക്കരുത്. അവർ അത് അവരുടെ വീടുകളിൽ സൂക്ഷിച്ചുവെച്ചേക്കാനിടയിണ്ട്. ( സന്യാസികളുടെ പ്രത്യേകിച്ച് വി. സഹദേന്മ്രുടെ മൃത ശരീരങ്ങൾ അവരെ ബഹുമാനികാനായി കുഴിച്ചിടാതെ മരുന്നുകൾ പുരട്ടി ലിനനിൽ പൊതിഞ്ഞ് ഭവനങ്ങളിൽ സൂക്ഷിച്ചു വച്ചേക്കുന്ന പതിവ് പുരാതന ഈജിപ്റ്റ്കാർക്ക് ഉണ്ടായിരുന്നു. താൻ മരിച്ചാലും തൻെറ ശരീരം ഇപ്രകാരം

സൂക്ഷിച്ചുവച്ചേക്കുമെന്ന് അദ്ദേഹം ഭയപ്പെട്ടു. മാത്രവുമല്ല യേശുക്രിസ്തുവിനെപ്പോലും കബറടക്കിയതിനാൽ തന്നെയും കബറടക്കണമെന്നുവിശുദ്ധൻ ആഗ്രഹിച്ചു. അവരുടെ തെറ്റായ പതിവ് നിർത്തലാക്കണമെന്ന് വി. അന്തോനിയോസ് ആഗ്രഹിച്ച് അവരെ ശാസിച്ചിരുന്നു.) നിങ്ങൾ (രണ്ടു ദയറാക്കാർ)എൻെറ ശവ സംസ്കാര ശുശ്രൂഷ നടത്തിയാൽ മതി.. എൻെറ ശരീരം കുഴിച്ചിടണം. എന്നെ കബർട്ക്കുന്ന സ്ഥലം നിങ്ങളല്ലാതെ മറ്റാരും അറിയരുത്. എൻെറ വസ്ത്രങ്ങളിൽ ഒരു ആട്ടിൻ തുകൽ കൊണ്ടുള്ള ഉടുപ്പും ശിരോവസ്ത്രവും അലക്സാന്ത്രായിലെ മോർ അത്തനാസിയോസിനും ഞാൻ സാധാരണ കിടക്കാൻ ഉപയോഗിച്ചു കൊണ്ടിരുന്ന വിരിയും അദ്ദേഹത്തിനു തന്നെ കൊടുക്കണം. ഇത്രയും പറഞ്ഞ് അവരെ പിടിച്ച് തഴുകിയതിനു ശേഷം കാൽ നീട്ടിവെച്ച് തൻെറ പിതാക്കന്മാരോട് ചേർന്നു.

ഈ ജീവചരിത്രം എഴുതിയ വി. അന്തോനിയോസിൻെറ ശുശ്രൂഷ കനായിരുന്ന അലക്സാന്ത്രിയായിലെ മോർ അത്താനിയൊസ് എഴുതിയിരിക്കുന്നത്, അന്തോനിയോസിനെ ഓർക്കുന്നതു പോലും എനിക്ക് വലിയ സഹായങ്ങൾ ലഭിപ്പാൻ കാരണമാണു. മോർ അന്തോനിയോസിൻെറ ഓർമ്മ ജനുവരി 18 ആം തീയതി സുറിയാനി സഭ ആചരിക്കുന്നു. ചില ച്രരിത്രകാരന്മാർ ജനുവരി 17 എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധാന്തോനിയോസിൻെറ ഉപദേശങ്ങൾ വിശ്വാസികൾക്ക് പൊതുവെയും സന്യാസികൾക്ക് പ്രത്യേകിച്ചും ആത്മീയ അഭിവൃത്തിക്ക് പ്രയോജനകരമാണു. അവ ചുരുക്കമായി താഴെരേഖപ്പെടുത്തുന്നു.

1. നാം ആരംഭിച്ചത് വിട്ടുകളയരുത്. കലപ്പയ്ക്ക് കൈ വച്ചശേഷം പിന്നോട്ട് നോക്കുന്നവനാരും ദൈവരാജ്യത്തിനു കൊള്ളവുന്നവനല്ല. ഞാൻ പിമ്പിലുള്ളവയെ മറന്നിട്ട് മുമ്പിലുള്ളവയെ ലാക്കാക്കി ഓടുന്നു.

തീഷ്ണതയോടുകൂടെ ലക്ഷ്യത്തിലേയ്ക്ക് ഓടണം. പ്രയത്നങ്ങളെക്കുറിച്ച് മനസ്സിടിവ് ഉണ്ടാകരുത്.

2. നാം ഭക്തി ജീവിതത്തിൽ 80 ആണ്ടുകളോ 100 സംവത്സരങ്ങളോ കഴിച്ചാൽ നൂറിനു പകരം അനന്തകാലം കർത്താവിനോട് കൂടെ ആയിരിക്കുമെന്ന് ഓർക്കണം.

3. നാം ലോകത്തിൽ അദ്ധ്വാനിക്കുന്നത് ലോകത്തിൽ അവകാശം ലഭിപ്പാനല്ല.

4. നാം മരിക്കുമ്പോൾ നമുക്കിഷ്ടമില്ലാത്തവർ ആയിരിക്കും പലപ്പോഴും നമ്മുടെ സ്വത്ത് അവകാശിക്കുന്നത്. അങ്ങനെ എങ്കിൽ പുണ്യത്തിനായും സ്വർഗ്ഗരാജ്യം അവകാശിപ്പാനായും അവയെ ഉപേക്ഷിക്കരുതോ? നമ്മോടുകൂടെ കൊണ്ടുപോകാൻ കഴിയാത്ത ഈ സമ്പാദ്യം കൊണ്ട് എന്തു പ്രയോജനമുണ്ട്?

5. നാം ഒരു ദിവസം അടിയന്മാർ ആയാൽ മുങ്കാലങ്ങളെ കരുതി ദൈവം നമ്മോട് ക്ഷമിക്കയില്ല. തന്നെ നിരസിച്ചതിനു കോപിക്കും.യൂദ ഒരു രാത്രി കൊണ്ട് അവൻെറ മുങ്കാലത്തെ പ്രയത്നത്തെമുഴുവൻ നശിപ്പിച്ചു കളഞ്ഞില്ലയോ?

6. ഉണർന്നെഴുനേല്ക്കുമ്പോൾ വൈകുന്നേരം വരെ ജീവിക്കയില്ലെന്നും ഉറങ്ങാൻ പോകുമ്പോൾ നാം ഉണരുകയില്ലെന്നും വിചാരിച്ചു കൊള്ളണം. ഉപേക്ഷയെ (അലസതയെ) തടയാൻ നിരന്തരം ഉത്തേജിപ്പിക്കുന്ന ഒരു ചിന്തയാണിത്.

7. ഒരുവനു മറ്റൊരുവൻെറ വിശ്വാസം കണ്ട് ധൈര്യം വർദ്ധിപ്പാനിടയാകണം.

കടമ: M.O.S.C Publications- Malankara News